# മാർത്താണ്ഡവർമ അനുസ്മരണ യോഗം ഇന്ന്

ചെന്നൈ ● ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ അനുസ്മരണ യോഗം ഇന്നു വൈകിട്ട് 6.30ന് അഡയാർ ശ്രീ അനന്തപത്മനാഭ സ്വാമി ക്ഷേത്രത്തോടു ചേർന്നുള്ള കാഞ്ചി മഹാസ്വാമി ആനന്ദമണ്ഡപത്തിൽ നടക്കും. തമിഴ്നാട് നായർ സർവീസ് സൊസൈറ്റിയും അഡയാറിലെ ധർമപരിപാലനസഭയും ചേർന്നാണ് അനുസ്മരണ യോഗം സംഘടിപ്പിക്കുന്നത്.

ബംഗാൾ മുൻ ഗവർണർ ഗോപാലകൃഷ്ണ ഗാന്ധി അധ്യക്ഷത വഹിക്കും. ടിഎൻഎസ്എസ് പ്രസിഡന്റ് സി.കെ. വാസുക്കുട്ടൻ, ധർമപരിപാലന സഭാ സെക്രട്ടറി എ.എൻ. ശ്രീനിവാസ റാവു, തിരുവിതാംകൂർ രാജകുടുംബാംഗം പൂരുരുട്ടാതി തിരുനാൾ മാർത്താണ്ഡവർമ, തിരുവനന്തപുരം അനന്തപത്മനാഭസ്വാമി ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫിസർ ഭുവനേന്ദ്രൻ നായർ തുടങ്ങിയവർ അനുസ്മരണ പ്രഭാഷണം നടത്തും.



മിയോട്ട് ആശുപത്രിയിലെ ട്രാൻസ്ഫ്യൂഷൻ വിഭാഗത്തിന്റെ ഉദ്ഘാടനം അംബിക മാമ്മൻ നിർവഹിക്കുന്നു.

# മിയോട്ട് ആശുപത്രിയിൽ ട്രാൻസ്ഫ്യൂഷൻ വിഭാഗം തുടങ്ങി

ചെന്നൈ ● രക്തത്തിലെ പ്ലേറ്റ്ലെറ്റുകൾ ഉൾപ്പെടെയുള്ളവ വേർതിരിച്ചെടുക്കുന്നതിനും സൂക്ഷിക്കുന്നതിനും നൂതന സാങ്കേതികവിദ്യയുമായി മിയോട്ട് ആശുപത്രിയിൽ ട്രാൻസ്ഫ്യൂഷൻ വിഭാഗം പ്രവർത്തനം ആരംഭിച്ചു. രക്തത്തിൽനിന്നു പ്ലേറ്റ്ലെറ്റുകൾ, റെഡ് സെല്ലുകൾ തുടങ്ങിയവ വേർതിരിച്ചെടുത്തു വിവിധ ചികിത്സകൾക്ക് ഉപയോഗിക്കാവുന്ന സംവിധാനമാണു ട്രാൻസ്ഫ്യൂഷൻ വിഭാഗത്തിലുള്ളത്. വിഭാഗം അംബിക മാമ്മൻ ഉദ്ഘാടനം ചെയ്തു.

രക്തദാന സമയത്ത് അണുബാധ ഏൽക്കാതിരിക്കാനുള്ള പ്രത്യേക മുൻകരുതലുകൾ വിഭാഗത്തിലുണ്ട്. രക്തദാനത്തിനായുള്ള ബോധവൽക്കരണം ജീവനക്കാരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കും. രക്താർബുദം, ഡെങ്കിപ്പനി അടക്കമുള്ള വിവിധ ചികിത്സകൾക്ക് ഇത്തരം സംവിധാനങ്ങൾ ഉപയോഗപ്പെടുമെന്ന് ആശുപത്രി എംഡി ഡോ. പി.വി.എ. മോഹൻദാസ് പറഞ്ഞു.

രക്തത്തിൽ പ്ലേറ്റ്ലെറ്റ്സിന്റെ കുറവു വരുന്നതിനാൽ രോഗി മരിക്കാനുള്ള സാഹചര്യം ഉണ്ടാകുന്നു. മറ്റൊരാളിൽ നിന്നെടുത്ത രക്തത്തിൽനിന്നു പ്ലേറ്റ്ലെറ്റുകൾ മാത്രമെടുത്തു രോഗിയുടെ ശരീരത്തിൽ നൽകാം. ജപ്പാൻ സാങ്കേതിക വിദ്യയുടെ സഹായത്തോടെ വികസിപ്പിച്ചെടുത്ത ഉപകരണങ്ങളാണു ട്രാൻസ്ഫ്യൂഷൻ വിഭാഗത്തിൽ പ്രവർത്തിക്കുന്നതെന്നു മോഹൻദാസ് പറഞ്ഞു. മല്ലിക മോഹൻദാസ്, ഡോ. പൃഥ്വി മോഹൻദാസ്, ഡോ. ജോഷ്വാ ഡാനിയൽ പ്രസംഗിച്ചു.